**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 913** **29/09/2011-ൽ മറുപടിക്ക്**

**മദ്രസാ നവീകരണ പദ്ധതി**

**ചോദ്യം**

ശ്രീ. പി. റ്റി. എ. റഹീം :

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കേന്ദ്ര സർക്കാറിന്റെ മദ്രസാ നവീകരണപദ്ധതി ഏത് വർഷത്തിലാണ് ആരംഭിച്ചത്; | എ) | 2001-02 ൽ പദ്ധതി ആരംഭിക്കുകയും 2004-05 മുതൽ നടപ്പിലാക്കുകയും ചെയ്തു. |
| ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെയായി ഓരോ വർഷവും ലഭിച്ച തുക എത്രയാണ്; | ബി) | (താഴെ പട്ടിക) |

| വർഷം | ലഭിച്ച തുക |
|---|---|
| 2004-05 | 59,04,000/- |
| 2005-06 | 3,08,88,000/- |
| 2006-07 മുതൽ 2008-09 വരെ | 3,06,00,000/- |

| ചോദ്യം | | ഉത്തരം |
|---|---|---|
| സി) | ഓരോ വർഷവും ധനസഹായം ലഭിച്ച മദ്രസകളുടെ എണ്ണം എത്രയാണ്; | സി) |

| വർഷം | മദ്രസകൾ |
|---|---|
| 2004-05 | 82 |
| 2005-06 | 429 |
| 2006-07 മുതൽ 2008-09 വരെ | 425 |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡി) | 2009-10, 2010-11 വർഷത്തെ തുക കേന്ദ്രത്തിൽ നിന്ന് ലഭിച്ചത് എന്നാണ്; | ഡി) | 2009-10 വർഷത്തിലേക്ക് ഗ്രാന്റ് തുകകളൊന്നും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടില്ല. 2010-11 വർഷത്തെ തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത് 14.02.2011 ൽ ആണ്. |
| ഇ) | പ്രസ്തുത തുക വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഇ)യും എഫ്) ഉം | പ്രസ്തുത തുക വിതരണം ചെയ്തു കഴിഞ്ഞിട്ടില്ല. ഈ തുക ബഡ്ജറ്റ് വിഹിതത്തിലേയ്ക്ക് വകയിരുത്തുന്നതിനു വേണ്ട ഭരണപരവും സാമ്പത്തികവുമായ നടപടി ക്രമങ്ങൾ പാലിച്ച് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മദ്രസകൾക്ക് ഗ്രാന്റ് തുക ഉടനടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| എഫ്) | ഇല്ലെങ്കിൽ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ